




**ഖാദിയുൾപ്പെടെയുള്ള ഗാന്ധിയൻ നിർമ്മാണാത്മക പ്രവർത്തനങ്ങൾ സമർപ്പണത്തിന്റെ അഭാവം കാരണം ക്ഷയിച്ച് പോകുന്നതായി കേരള സർവ്വോദയ മണ്ഡലത്തിന്റെയും സർവ്വോദയ സംഘത്തിന്റെ മുൻ പ്രസിഡന്റ്**

**പി. രാമചന്ദ്രൻ നായർ**

# സമർപ്പണത്തിന്റെ അഭാവം

**ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ ഭാഗമായി നിന്ന് ഏറെക്കാലം ഖാദി രംഗത്ത് പ്രവർത്തിച്ച താങ്കൾ കേരളത്തിലെ ഇന്നത്തെ ഗാന്ധിയൻ പ്രസ്ഥാനങ്ങളെയും ഖാദി പ്രവർത്തനങ്ങളെയും എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ആത്മാർത്ഥതയുള്ള പ്രവർത്തനങ്ങളുടെ അഭാവം ഇന്ന് ഗാന്ധിയൻ പ്രസ്ഥാനങ്ങളിലും ഖാദി പ്രവർത്തനങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നിരുന്നവരാണ് കേരളത്തിൽ ഖാദി പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. സർവ്വസൗകര്യങ്ങളും ഉപേക്ഷിച്ച് ഗാന്ധിയിൽ ആകൃഷ്ടരായി സ്വാതന്ത്രസമരത്തിൽ പങ്കാളികളായിരുന്നവരാണ് അവർ. ഡോക്ടർമാരും വക്കീലന്മാരും വ്യവസായികളുമടക്കം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചിരുന്നവർ ആ സത്യാഗ്രഹികളുടെ കൂട്ടത്തിലുണ്ടായിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷവും ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങൾ അവർ തുടരുകയായിരുന്നു. അഖിലഭാരത സർവ്വസേവാ സംഘം രൂപീകൃതമായ ശേഷം സർവ്വോദയ പ്രസ്ഥാനത്തിന് കീഴിൽ അവർ ഈ പ്രവർത്തനങ്ങൾ തുടർന്നു.

ഖാദി ഗ്രാമോദയ പ്രസ്ഥാനം കേരളത്തിൽ വളരുന്നത് തുടർന്നുള്ള ഇവരുടെ പ്രവർത്തനങ്ങളിലൂടെയാണ്. ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുക എന്ന ഗാന്ധിയുടെ ലക്ഷ്യം പ്രാവർത്തികമാക്കാനുള്ള മാർഗ്ഗമായാണ് ഇവർ ഖാദിയെ കരുതിയിരുന്നത്. ദേശീയതലത്തിൽ പ്രവർത്തിച്ചിരുന്ന ഗാന്ധിയൻ പ്രവർത്തകർ കേരളത്തിലെത്തുകയും ഖാദി പ്രസ്ഥാനം ശക്തിപ്പെടുത്താനുള്ള പരിശീലനം പ്രവർത്തകർക്ക് നൽകുകയും ചെയ്തു. ഖാദിയുടെ സാധ്യത തിരിച്ചറിഞ്ഞ ഇന്ത്യയിലെ ജനാധിപത്യ സർക്കാർ 1957ൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൺ രൂപീകരിക്കുകയും സർവ്വോദയ സംഘങ്ങളുടെ മുൻകൈയിൽ നടന്നിരുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്തു. ഖാദി കമ്മീഷന് കീഴിൽ രൂപീകൃതമായ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് കേരളത്തിലെ ഖാദി പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്തു. സർവ്വോദയ പ്രസ്ഥാനത്തിന്റെ കീഴിൽ കേരളത്തിലെ ഗ്രാമങ്ങളിലെമ്പാടുമുണ്ടായിരുന്ന ഖാദി പ്രവർത്തനങ്ങൾ കാലക്രമേണ ഖാദി ബോർഡിന്റെ മേൽനോട്ടത്തിലാകാൻ തുടങ്ങി.

ഗാന്ധിയൻ ദർശനങ്ങളുടെ മഹത്വം തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നവരാണ് ആദ്യകാലത്ത് ഖാദി കമ്മീഷനിലും ഖാദി ബോർഡിലുമെല്ലാമുണ്ടായിരുന്നത്. പ്രമുഖ ഗാന്ധിയൻ വൈകുണ്ഠലാൽ മേത്ത ആയിരുന്നു ഖാദി കമ്മീഷന്റെ ആദ്യ ചെയർമാൻ. യു. എൻ. ധേബാർ, ജി. രാമചന്ദ്രൻ തുടങ്ങിയ ദിശാബോധമുള്ള നേതൃത്വങ്ങൾ അക്കാലത്ത് ഖാദി ക



മ്മീഷന്റെ മുതൽക്കൂട്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് ഖാദി കമ്മീഷനിലെ രാഷ്ട്രീയ ഇടപെടൽ കൂടുകയും ഗാന്ധിയൻ ദർശനങ്ങളുമായി ബന്ധമില്ലാത്ത രാഷ്ട്രീയക്കാർ ഖാദി കമ്മീഷന്റെ നേതൃത്വ സ്ഥാനങ്ങളിൽ എത്തുകയും ചെയ്തു. സംസ്ഥാന തലത്തിലുണ്ടായിരുന്ന ഖാദി ബോർഡുകളിലും അതുതന്നെ സംഭവിച്ചു. സർവ്വോദയ പ്രസ്ഥാനത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന മികച്ച ഖാദി സ്ഥാപനങ്ങളെയെല്ലാം ഖാദി ബോർഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാക്കി മാറ്റി. എന്നാൽ അക്കാലത്ത് സർവ്വോദയ പ്രസ്ഥാനത്തിലുണ്ടായിരുന്നവരുടെ നിശ്ചയദാർഢ്യം കാരണം രാഷ്ട്രീയക്കാരുടെ ഇടപെടലുകളെ ഏറെക്കുറെ തടുത്തുനിർത്താനും ഗാന്ധിയൻ ദർശനങ്ങളിൽ അധിഷ്ഠിതമായി തന്നെ ഖാദിയെ മുന്നോട്ട് കൊണ്ടുപോകാനും കഴിഞ്ഞിരുന്നു. എന്നാൽ തുടർന്നുവന്ന സർവ്വോദയ പ്രവർത്തകർക്ക് അതിന് കഴിഞ്ഞില്ല. ഖാദി പൂർണ്ണമായും രാഷ്ട്രീയക്കാരുടെ കൈകളിലായി. വിപണിയെ അടിസ്ഥാനമാക്കിയാണ് അവർ പ്രവർത്തിക്കുന്നത്. വിപണിയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നത് ഖാദിയുടെ ദർശനത്തിന് അനുയോജ്യമായ ശൈലിയല്ല.

## താങ്കളുടെ കാലത്ത് നടത്തിയ എന്തെല്ലാം ശ്രമങ്ങളാണ് പിന്നീട് നിലച്ചുപോയത്?

ഗ്രാമസ്വരാജ് എന്ന ഗാന്ധിയുടെ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് അക്കാലത്ത് ഖാദിയിൽ നടന്നിരുന്നത്. ഗ്രാമങ്ങളിൽ ചെറുകിട ഖാദി യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ട് ഗ്രാമീണർക്ക് തൊഴിൽ നൽകുകയും അവരുടെ ഉത്പന്നങ്ങൾ ഗ്രാമങ്ങളിൽ തന്നെ വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങൾ ഗ്രാമങ്ങളിൽ ഒരുക്കുകയും ചെയ്തിരുന്നു. കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ഖാദി നിർമ്മാണവും വില്പനയും നടത്തിയിരുന്ന സെന്ററുകളുണ്ടായിരുന്നു. 1935ൽ ആണ് കേരളത്തിൽ ഖാദി പ്രസ്ഥാനം സജീവമാകുന്നത്. അന്ന് പയ്യന്നൂരിലും കേരളത്തിന്റെ ഭാഗമായിരുന്ന നാഗർകോവിലിലും മാത്രമാണ് ഖാദി യൂണിറ്റുകൾ ഉണ്ടായിരുന്നത്. ആൾ ഇന്ത്യ സ്പിന്നേഴ്സ് അസോസിയേഷന്റെ അന്നത്തെ സെക്രട്ടറിയായിരുന്ന ശങ്കർലാൽജി ബങ്കർ കേരളത്തിലെത്തുകയും ഖാദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. അതിന്റെ തുടർച്ച നിലനിർത്തുന്നതും കേരളത്തിലെമ്പാടും ഖാദി വ്യാപിപ്പിക്കുന്നതും പിന്നീട് സർവ്വോദയ പ്രവർത്തകരാണ്. അതിന്റെ ഭാഗമായാണ് ഞാൻ ഖാദി പ്രസ്ഥാനത്തിൽ സജീവമാകുന്നത്. ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് ഞങ്ങൾ ഖാദി പ്രൊഡക്ഷൻ സെന്ററുകൾ തുടങ്ങി. ഭൂമിയുള്ളവരുടെ പക്കൽ നിന്നും സ്ഥലം ദാനമായി വാങ്ങി ചെറുകിട ഖാദി വ്യവസായ സെന്ററുകൾ ആരംഭിച്ചു. ഖാദിയിലൂടെ സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ കേരളത്തിലുണ്ടായി. ജാതിശ്രേണിയിൽ ഉയർന്ന തലത്തിലുള്ളവർ പോലും നെയ്ത്ത് പരിശീലിച്ചു തുടങ്ങി. വീട്ടിലിരുന്നും ചെയ്യാൻ കഴിയുന്ന രീതിയിൽ ആയിരം തൊഴിലാളികൾക്ക് ആയിരം ചർക്ക നൽകി. കേരളത്തിലെ വിവിധ ജില്ലകളിലുള്ള സർവ്വോദയ പ്രസ്ഥാനത്തിന്റെ സ്ഥാപനങ്ങൾ ഖാദി പ്രചാരണത്തിന് സഹായം നൽകി. ഖാദി ഗ്രാമവ്യവസായത്തിന് ട്രെയിനിംഗ് നൽകുന്നതിനായി സർവ്വോദയ സംഘം 1969ൽ തൃശൂർ ജില്ലയിലെ നടത്തറയിൽ ഒരു വിദ്യാലയം ആരംഭിച്ചു. ഞാനാണ്  ഏറെക്കാലം അതിന്റെ മേൽനോട്ടം വഹിച്ചിരുന്നത്. ഗാന്ധിയൻ ആശ്രമങ്ങളെപ്പോലെ തീർത്തും സ്വാശ്രയമായി പ്രവർത്തിച്ചിരുന്ന വിദ്യാലയമായിരുന്നു അത്. വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നാണ് എല്ലാ പ്രവർത്തനങ്ങളും ചെയ്തിരുന്നത്. വിദ്യാലയത്തിലേക്ക് ആവശ്യമായ പച്ചക്കറികളെല്ലാം ഞങ്ങൾ അവിടെതന്നെ ഉത്പാദിപ്പിച്ചിരുന്നു. 10 ബാച്ച് അവിടെനിന്നും പഠിച്ചിറങ്ങിയ ശേഷം ട്രെയിനിംഗ് സെന്റർ സർക്കാർ ഏറ്റെടുത്തു. അതോടെ വിദ്യാലയം പൂർണ്ണമായും ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിലായി. അവർക്ക് ഗാന്ധിയൻ ദർശനങ്ങളുടെയൊന്നും പിൻതുടർച്ചയില്ലാത്തതിനാൽ അത് ഒരു സർക്കാർ സ്ഥാപനം പോലെയായി മാറി. ഇന്ന് അതിന്റെ പ്രവർത്തനവും ദയനീയമാണ്.

**ഖാദി പ്രസ്ഥാനത്തിന് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകാൻ വേണ്ടി മാത്രം രൂപീകൃതമായ ഖാദി കമ്മീഷൻ എല്ലാം ഏറ്റെടുത്തതോടെ ജനകീയ അടിത്തറ നഷ്ടമായ ഖാദി രാഷ്ട്രീയക്കാരുടെ കറവപശുവായ വ്യവസായമായി മാറി**

ഖാദിക്കുവേണ്ടി പൂർണ്ണമായും സമർപ്പിക്കാൻ കഴിയുന്ന പ്രവർത്തകരുടെ അഭാവമാണ് തുടർന്നുള്ള പ്രവർത്തനങ്ങളെ ബാധിച്ചത്. ഖാദി പ്രസ്ഥാനത്തിന് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകാൻ വേണ്ടി മാത്രം രൂപീകൃതമായ ഖാദി കമ്മീഷൻ അതോടെ എല്ലാം ഏറ്റെടുത്തു. ജനകീയ അടിത്തറ നഷ്ടമായ ഖാദി രാഷ്ട്രീയക്കാരുടെ കറവപശുവായ വ്യവസായമായി മാറി.

**സ്വാശ്രയത്വത്തിന്റെ പ്രതീകമായിരുന്ന ഖാദി ഇന്ന് സർക്കാറിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഖാദിയിൽ നിന്നും അതിന്റെ രാഷ്ട്രീയം ഒഴിഞ്ഞുപോയിരിക്കുന്നു. നിലവിലെ പ്രതിസന്ധികളെ താങ്കൾ എങ്ങനെയാണ് വിലയിരുത്തുന്നത്?**

വൻകിട വ്യവസായം പോലെ നിലനിൽക്കേണ്ട ഒന്നല്ല ഖാദി. ഗ്രാമസ്വരാജാണ് അതിന്റെ അടിസ്ഥാനം. ഖാദി കമ്മീഷൻ ഖാദിയെ ഒരു വ്യവസായമായാണ് പരിഗണിക്കുന്നത്. വിപണിയെയാണ് അവർ പ്രധാനമായും പരിഗണിക്കുന്നത്. വിപണിയിൽ പിടിച്ചുനിൽക്കാനുള്ള തന്ത്രങ്ങളും അവർ നടത്തുന്നുണ്ട്. ഉദാഹരണമായി അഞ്ച് കോടി രൂപയുടെ ഉത്പാദനമാണ് നടക്കുന്നതെങ്കിൽ വിൽക്കുന്നത് 20 കോടി രൂപയുടെ ഖാദിയാണ്. അതിനർത്ഥം യഥാർത്ഥ ഖാദിയല്ല നമുക്ക് കിട്ടുന്നത് എന്നാണ്. പവർലൂമിൽ കൃത്രിമമായി നിർമ്മിക്കുന്ന തുണിയാണ് അംഗീകൃത ഖാദി ഷോറൂമുകളിൽ പോലും ഖാദി എന്ന പേരിൽ വിൽക്കുന്നത്. ആ രീതിയിൽ ഖാദി വ്യവസായം വികസിച്ചാൽ തൊഴിലാളികൾക്ക് എന്ത് ഗുണമാണ് കിട്ടുന്നത്. ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സങ്കൽപ്പം എങ്ങനെ യാഥാർത്ഥ്യമാകും? ഖാദിക്ക് ആവശ്യക്കാർ കൂടുന്നുണ്ടെങ്കിലും അതിന്റെ യഥാർത്ഥ മൂല്യം നിലനിർത്തിക്കൊണ്ടുതന്നെ അതിനെ വികസിപ്പിക്കാൻ ഖാദി കമ്മീഷന് കഴിയുന്നില്ല. തുണിക്കടകളെ തോൽപ്പിക്കുന്ന ആകർഷകമായ വലിയ ഷോറൂമുകൾ കെട്ടിപ്പൊക്കിയാൽ തീരുന്നതല്ല ഖാദിയുടെ പ്രശ്നം. ഖാദി വ്യവസായത്തെ വികേന്ദ്രീകരിക്കുകയാണ് ഖാദി കമ്മീഷൻ ചെയ്യേണ്ടത്.

**കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ ഇന്നത്തെ പ്രവർത്തനങ്ങളെ എങ്ങനെയാണ് വിലയിരുത്തുന്നത്? പുതിയ തലമുറയെ ഗാന്ധിയൻ മൂല്യങ്ങളിലേക്ക് അടുപ്പിക്കാൻ അവരുടെ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ടോ?**

ഗാന്ധിയൻ ദർശനങ്ങളെക്കുറിച്ച് ആഴത്തിൽ അറിവുള്ളവരും വ്യക്തിജീവിതത്തിൽ അത് പാലിക്കുന്നവരുമാണ് ഇന്നും കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങളിൽ ഉള്ളവർ. എന്നാൽ മുൻകാലങ്ങളിലുണ്ടായിരുന്നതുപോലെയുള്ള കൂട്ടായ പ്രവർത്തനം ഇന്ന് കാണാനില്ല. യുവജനങ്ങളുടെ പങ്കാളിത്തം ഗാന്ധിയൻ പ്രസ്ഥാനങ്ങളിൽ കുറയാൻ അത് കാരണമായി. പ്രൊഫ. ജി. കുമാരപിള്ളയെയും എംപി. മന്മഥനെയും കെ. ജനാർദ്ദനപിള്ളയെയും തിരുവത്രദാമോദരനെയും പോലെയുള്ള പ്രഗത്ഭരായ നേതൃത്വങ്ങൾ സർവ്വോദയ പ്രസ്ഥാനങ്ങളിൽ ഉണ്ടായിരുന്ന കാലത്താണ് ഞാൻ സജീവമായിരുന്നത്. ജനകീയ പ്രശ്നങ്ങളിൽ ഇടപെടുകയും ഗാന്ധിയൻ ദർശനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നതിൽ സജീവമായിരുന്ന കാലമായിരുന്നു അത്. ഈ പ്രവർത്തനങ്ങൾക്കൊപ്പം ഗാന്ധിയൻ നിർമ്മാണാത്മക പ്രവർത്തനങ്ങളുടെ പ്രധാന്യം യുവജനങ്ങളിലേക്ക് എത്തിക്കുന്നതിന് പതിവായി യുവജനക്യാമ്പുകൾ അക്കാലത്ത് നടത്തുമായിരുന്നു.

ശാരീരികാധ്വാനത്തിന്റെ പ്രാധാന്യത്തോടൊപ്പം ഗാന്ധിയുടെ ആത്മീയദർശനങ്ങളും യുവാക്കളിലേക്ക് പകർത്താൻ ഈ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നു. വിദ്യാർത്ഥികൾക്ക് വേണ്ടി അവധിക്കാലത്ത് ക്യാമ്പുകൾ നടത്തുമായിരുന്നു. ഞങ്ങൾ സർവ്വോദയ പ്രവർത്തകരെല്ലാം പൂർണ്ണസമയം ക്യാമ്പിൽ പങ്കെടുക്കുകയും യുവജനങ്ങളോടൊപ്പം എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാവുകയും ചെയ്തിരുന്നു. യുവാക്കൾ ഗാന്ധിയൻ പ്രവർത്തനങ്ങളിലേക്ക് വന്നിരുന്നത് അത്തരം ക്യാമ്പുകളിലൂടെയായിരുന്നു. എന്നാൽ ഇന്ന് ഗാന്ധിയൻ ദർശനങ്ങൾ യുവജനങ്ങളിലേക്കെത്തുന്നതിനുള്ള പരിപാടികൾ ആ രീതിയിൽ നടക്കുന്നില്ല. ഗാന്ധി സാഹിത്യം കുട്ടികളിലേക്ക് എത്തുന്നുണ്ടെങ്കിലും ദർശനവും പ്രയോഗവും സമന്വയിപ്പ് മനസിലാക്കാനുള്ള നല്ല അവസരങ്ങൾ അവർക്ക് ലഭിക്കുന്നില്ല. സർവ്വോദയമേള പോലെയുള്ള പരിപാടികളിലും യുവജനങ്ങളുടെ പങ്കാളിത്തം കുറയാൻ ഇത് കാരണമായി.

**ആഗോളവത്കരണത്തിന്റെ വിപത്തുകൾക്കെതിരെ ലോകത്തെമ്പാടും ജനകീയ പോരാട്ടങ്ങൾ ശക്തമാവുകയാണല്ലോ. അവയ്ക്ക് പിൻബലമേകാൻ ഖാദി പ്രസ്ഥാനത്തിന് കഴിയുമോ? ഗാന്ധി ഖാദി പ്രസ്ഥാനത്തെ സ്വാതന്ത്ര്യ സമരത്തിനോട് ചേർത്തു നിർത്തിയതുപോലെ ജനകീയ സമരങ്ങളുടെ ഭാഗമായി ഖാദി പോലെയുള്ള നിർമ്മാണാത്മക പ്രവർത്തനങ്ങൾ വികസിപ്പിക്കാൻ കഴിയുമോ?**

സമരത്തിനൊപ്പം നിർമ്മാണാത്മക പ്രവർത്തനങ്ങളും നടത്തുക എന്നത് ഗാന്ധിയൻ സമീപനമാണ്. സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിക്ക് അതിന് കഴിഞ്ഞിരുന്നു. അക്കാലത്ത് ചർക്കയിൽ നൂൽനൂൽക്കുന്നതിലൂടെ കിട്ടുന്ന ചെറിയ സമ്പാദ്യത്തിലൂടെയായിരുന്നു സത്യാഗ്രഹികൾ കഴിഞ്ഞിരുന്നത്. നീണ്ടുനിൽക്കുന്ന സമരമായിരുന്നതിനാൽ പടിപടിയായി അത്തരം പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനും ഗാന്ധിക്ക് കഴിഞ്ഞു. ശക്തമായ സമരായുധമായാണ് ഗാന്ധി ചർക്കയെ കണ്ടിരുന്നത്. സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാകുന്നവരെല്ലാം ചർക്ക ഉപയോഗിക്കാൻ തുടങ്ങി. 1920 ൽ വിജയവാഡയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം 20 മില്യൺ ചർക്കയാണ് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്ത്യയിൽ വ്യാപിപ്പിക്കാൻ തീരുമാനിച്ചത്. അങ്ങനെയാണ് സ്വാതന്ത്ര്യ സമരത്തിനോടൊപ്പം ഖാദിയും സജീവമാകുന്നത്.

എന്നാൽ ഇന്ന് ജനകീയ സമരങ്ങളോടൊപ്പം അത്തരം നിർമ്മാണാത്മക പ്രവർത്തനങ്ങൾ നടത്താൻ ആരും ശ്രമിക്കുന്നില്ല. ഗാന്ധിയൻ സമരരീതികളായ സത്യാഗ്രഹം എല്ലാ ജനകീയ സമരങ്ങളും സ്വീകരിക്കുന്നുണ്ടെങ്കിലും ഗാന്ധിയൻ നിർമ്മാണാത്മക പ്രവർത്തങ്ങളെ എല്ലാവരും ഉപേക്ഷിക്കുന്നു. ഇന്നത്തെ സമരങ്ങൾക്ക് ഖാദിപോലെയുള്ള നിർമ്മാണാത്മക പ്രവർത്തങ്ങളെ ഒപ്പം നിർത്താൻ കഴിയുമോ എന്നും എനിക്ക് സംശയമുണ്ട്. അണ്ണാ ഹസാരെയുടെ സമരം ഡൽഹിയിൽ നടക്കുമ്പോൾ ഒരു ചർക്ക വേദിയിൽ വച്ചിട്ടുണ്ടായിരുന്നു. എന്നാൽ സത്യാഗ്രഹ സമരത്തോടൊപ്പം ചർക്ക ഉപയോഗിക്കുന്നതായി കണ്ടില്ല. ഒരു പ്രതിബിംബം പോലെ ചർക്ക അവിടെ ഇരിക്കുകയാണ് ചെയ്യുന്നത്. സത്യാഗ്രഹികളുടെ സമർപ്പണമനുസരിച്ചിരിക്കും സമരങ്ങളുടെ ഭാഗമായുള്ള നിർമ്മാണാത്മക പ്രവർത്തനങ്ങൾ.